എങ്ങനെ ചെയ്യാൻ സാധിക്കും, അതിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്താൻ സാധിക്കും എന്നത് പരിശോധിക്കാം. സഹകാര്യ മേഖലയിലുള്ള രജിസ്റ്റേർഡ് കുറി കമ്പനികളെ മാറ്റി നിർത്താൻ പറ്റുമോ എന്നുള്ളത് സംശയമാണ്. അതിനെക്കുറിച്ച് നമുക്ക് ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ഷാജു: അമിതമായ പലിശയും പിഴപലിശയും ചുമത്തി ഇടപാടുകാരെ കടക്കെണിയിൽ കുടുക്കി അരാജകത്വം സൃഷ്ടിക്കുന്നത് ഒരു ഭാഗം മാത്രമാണ്. ഇവർക്ക് ഒരു മറുഭാഗമുണ്ട്. നമ്മുടെ സംസ്ഥാനത്ത് പി.ഡബ്ലിയു.ഡി കോൺട്രാക്ടർമാർ അടക്കമുള്ള കരാറുകാർ ഇത്തരം അനധികൃത സ്ഥാപനങ്ങളിൽ നിന്ന് പണം വാങ്ങി ലക്ഷക്കണക്കിനും, കോടിക്കണക്കിനും രൂപ പലിശ കൊടുത്തിട്ടാണ് കരാർ അടിസ്ഥാനത്തിലുള്ള പണി ചെയ്യുന്നത്. അവരുടെ ബിൽ പാസ്സായി വരുന്നത് നാലും അഞ്ചും വർഷം കഴിഞ്ഞിട്ടാണ്. അപ്പോൾ ഇത്രയും നാളത്തെ പലിശ കൂടി ചേർത്തിട്ടാണ് ഈ പണം വാങ്ങുന്നത്. അതുകൊണ്ട് ബഡ്ജറ്റ് വർക്കിന്റെ കരാർ പണിയിൽപ്പോലും അഴിമതി കടന്നുവരാൻ ഇത് ഇടയാക്കുന്നുണ്ട്. ഇപ്പോൾ ബാങ്കിൽ നിന്ന് ഒ.ഡി. കൊടുക്കുന്നുണ്ട്. ബാങ്കുമായി ബന്ധപ്പെട്ട് കോൺട്രക്ടർമാരുടെ ബിൽ ബാങ്കിൽ സ്വീകരിച്ചിട്ട് പണം കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ ബാങ്കുമായി കരാർ ഉണ്ടാക്കാൻ മന്ത്രി മുൻകയ്യെടുക്കുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: അതിന് പ്രത്യേകമായി മറുപടി പറയാൻ കഴയില്ല.

ശ്രീ. കളത്തിൽ അബ്ദുള്ള: ഇവിടെ കുടുംബശ്രീയുണ്ട്; ധാരാളം സഹകരണ സ്ഥാപനങ്ങളുമുണ്ട്. ഇത്തരത്തിലുള്ള ബഹുഭൂരിപക്ഷം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നത് പൊളിറ്റിക്കൽ ലീഡർഷിപ്പാണ്. പക്ഷേ ആളുകൾ ആദ്യം പണം ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് വാങ്ങിയിട്ട് വീണ്ടും അമിത പലിശയ്ക്ക് കടം കൊടുക്കുന്ന ഏർപ്പാടുകൾ ശക്തമായതുകൊണ്ട് പല കുടുംബങ്ങളും വളരെ വലിയ പ്രശ്നം നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ കുടുംബശ്രീ, കെ.എഫ്.സി.., കെ.എസ്.എഫ്.ഇ., സഹകരണ ബാങ്കുകൾ, ലീഡ് ബാങ്കുകൾ എന്നിവയെ ഉൾപ്പെടുത്തിക്കൊണ്ടുള്ള മൈക്രോ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാൻ അടിയന്തിരമായി സർക്കാർ ആലോചനാ യോഗം വിളിച്ചുചേർക്കുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: ഇക്കാര്യത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കാം.

വില്പന നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് നടപടി

*2 (62) ശ്രീ. പി. സി. ജോർജ്:

„ കെ. പി. സതീശ്ചന്ദ്രൻ:

„ മത്തായി ചാക്കോ:

„ എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്പന നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും നികുതി ചോർച്ച തടയുന്നതിനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) വില്പന നികുതിയിനത്തിൽ 2003-2004 സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിട്ടിരുന്ന തുക എത്രയായിരുന്നു;

(സി) പ്രസ്തുത ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) പ്രധാന നികുതി സ്രോതസ്സുകൾക്കെല്ലാം റെക്കാർഡ് വില വർദ്ധനവ് ഉണ്ടായിട്ടും സംസ്ഥാനത്തിന്റെ നികുതി വരുമാനം കുറയുവാനുണ്ടായ കാരണങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ഇ) അധിക വിഭവ സമാഹരണം നടത്തുന്നതിന് എന്തെല്ലാം ഇനങ്ങൾക്കാണ് പ്രവേശന നികുതി ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(എഫ്) നികുതി കുടിശ്ശിക ഇനത്തൽ 2003-2004 സാമ്പത്തിക വർഷത്തിൽ എന്തു തുകയാണ് പിരിഞ്ഞുകിട്ടാനുള്ളത്?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ,

(എ) വില്പന നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും നികുതി ചോർച്ച തടയുന്നതിനുമായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ അനുബന്ധമായി † ചേർത്തിട്ടുണ്ട്.

(ബി) വില്പന നികുതി ഇനത്തിൽ 2003-2004 സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിട്ടിരുന്ന തുക 6200 കോടി രൂപയായിരുന്നു.

(സി) 2003-2004 സാമ്പത്തിക വർഷം പിരിക്കാൻ ലക്ഷ്യമിട്ടിരുന്നതിൽ 6081.13 കോടി രൂപ പിരിച്ചിട്ടുണ്ട്.

(ഡി) 2003-2004-ലെ വില്പന നികുതി വരുമാനം 2002-2003 വർഷത്തേക്കാൾ 700.50 കോടി രൂപ കൂടുതലാണ്. റബ്ബർ ഒഴികെയുള്ള എല്ലാ കാർഷിക വിളകൾക്കും വില കുറവാണുണ്ടായിട്ടുള്ളത്. തേയില, കാപ്പി കമ്പനികൾ നഷ്ടത്തിലായതും ഏലയ്ക്കയുടെ വില കുറവായതും വില്പന നികുതി കുറയാൻ കാരണമാണ്. കുരുമുളകിനും അടയ്ക്കയ്ക്കും 2003-2004-ൽ വില കുറഞ്ഞതുമൂലം നികുതി വരുമാനം കുറഞ്ഞിട്ടുണ്ട്.

(ഇ) അധിക വിഭവ സമാഹരണം നടത്തുന്നതിനുവേണ്ടി പ്രവേശന നികുതി ഏർപ്പെടുത്തിയിട്ടുള്ള ഇനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ‡ ചേർത്തിട്ടുണ്ട്.

(എഫ്) വില്പന നികുതിയിനത്തിൽ 2232.78 കോടി രൂപയും കാർഷികാദായ നികുതിയിനത്തിൽ 68.11 കോടി രൂപയും 2003-2004-ൽ പിരിഞ്ഞുകിട്ടാനുണ്ട്.

---

† അനുബന്ധം I

‡അനുബന്ധം I A

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ്: ലക്ഷ്യം 6200 കോടി രൂപയായിരുന്നു. പിരിച്ചിട്ടുള്ളത് 6081.13 കോടി രൂപ. ഇതിന്റെ അർത്ഥം 118.87 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ടെന്നുള്ളതാണ്. അതിൽ ബഹുമാനപ്പെട്ട മന്ത്രി (ഡി)-ക്ക് ഉത്തരം പറഞ്ഞിരിക്കുന്നത് "റബർ ഒഴികെയുള്ള എല്ലാ കാർഷിക വിളകൾക്കും വില കുറവാണുണ്ടായിട്ടുള്ളത്. തേയില, കാപ്പി കമ്പനികൾ നഷ്ടത്തിലായതും, ഏലയ്ക്കയുടെ വില കുറവായതും വില്പന നികുതി കുറയാൻ കാരണമാണ്. കുരുമുളകിനും അടയ്ക്കയ്ക്കും 2003-2004-ൽ വില കുറഞ്ഞതുമൂലം നികുതി വരുമാനം കുറഞ്ഞിട്ടുണ്ട്" എന്നാണ്. രണ്ടുദിവസം മുൻപ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ പറഞ്ഞതിന് വിരുദ്ധമായിട്ടുള്ള കാര്യങ്ങളാണ് ഇപ്പോൾ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ഉത്തരമായി വന്നിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് റബ്ബർ, തേയില ഉൾപ്പെടെയുള്ള എല്ലാ കാർഷികാദായങ്ങൾക്കും വില വർദ്ധിച്ചുവെന്നാണ്. സത്യസന്ധമായി ഉത്തരം പറഞ്ഞതിന് ധനകാര്യ വകുപ്പു മന്ത്രിക്ക് നന്ദി. വിൽപ്പന നികുതിയിനത്തിൽ 2232.78 കോടി രൂപയും കാർഷികാദായ നികുതി ഇനത്തിൽ 68.11 കോടി രൂപയും പിരിഞ്ഞുകിട്ടാനുണ്ട്. വിൽപ്പന നികുതി എന്നു പറയുമ്പോൾ ഉപഭോക്താവിൽ നിന്ന് വാങ്ങിവച്ചിരിക്കുന്ന പണമാണ്. എനിക്ക് ചോദിക്കാനുള്ളത്, എന്തുകൊണ്ട് 2232.78 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ടെന്ന് പറഞ്ഞുനിൽക്കുന്നു; ആ പിരിഞ്ഞുകിട്ടാനുള്ള തുക എത്രയുംവേഗം പിരിച്ചെടുത്ത് സംസ്ഥാന ഗവൺമെന്റിനെ ശക്തിപ്പെടുത്തുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ എന്നാണ്?

ശ്രീ. കെ. ശങ്കരനാരായണൻ: മുഖ്യമന്ത്രി പറഞ്ഞതിന് എതിരായിട്ടാണ് ഞാൻ പറഞ്ഞതെന്ന് ബഹുമാനപ്പെട്ട ജോർജ് പറഞ്ഞു. ഞാൻ 2002-03-ലെ കാര്യമാണ് പറഞ്ഞത്. മുഖ്യമന്ത്രി ഇന്നലെ പറഞ്ഞത് 2004-ലെ കാര്യമാണ്. നിങ്ങൾ റബ്ബറൊക്കെ ഉണ്ടാക്കുന്ന മേഖലയിൽ നിന്ന് വരുന്ന ബഹുമാനപ്പെട്ട കൃഷിക്കാരനാണല്ലോ; റബ്ബറിന് എന്നാണ് വില കൂടിയതെന്ന് നമുക്ക് നിശ്ചയമില്ലേ? 18 രൂപ, 20 രൂപയുണ്ടായിരുന്നത് 64 രൂപയായി.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അതിനധികം സമയം കളയണ്ട. "ക്ഷീര മുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിന് കൗതുകം" എന്ന് കേട്ടിട്ടില്ലേ?

ശ്രീ. കെ. ശങ്കരനാരായണൻ: കുരുമുളകിന് വില ഇപ്പോൾ കൂടിവരുന്നു. ഇഞ്ചിക്ക് വിലയില്ല. പിരിഞ്ഞുകിട്ടാനുള്ള നികുതി 12, 13 കൊല്ലമായിട്ട് ബാലൻസായിത്തന്നെ നിൽക്കുകയാണ്. അതിൽ ഹൈക്കോടതി സ്റ്റേയുണ്ട്, മറ്റ് കോടതികളിൽ സ്റ്റേയുണ്ട്, മരിച്ചുപോയ ആളുകളുണ്ട്. ഇപ്രാവശ്യം നികുതിപിരിവിൽ 24 ശതമാനം ഗ്രോത്താണ്. 2002-03, 2003-04-ൽ കഴിയാവുന്നത്ര പിരിച്ചിട്ടുണ്ട്; 1800 കോടി രൂപ അധികം സെയിൽസ് ടാക്സ് പിരിച്ചിട്ടുണ്ട്.

ശ്രീ. പി. സി. ജോർജ്: അങ്ങ് ചോരതന്നെ കൊതുകിന് കൗതുകമെന്ന് പറഞ്ഞു. പ്രതിപക്ഷത്തിരിക്കുന്ന ഞങ്ങളുടെ ജോലി അവർക്ക് സപ്പോർട്ട് ചെയ്തുകൊടുക്കുന്നതാണെന്നാണോ അങ്ങ് കരുതുന്നത്. അങ്ങയുടെ ജോലി ഏറ്റെടുക്കാൻ പോകുന്നില്ല. ഞാൻ പ്രതിപക്ഷ അംഗമാണ്. അത് ഞാൻ അങ്ങയെ ഓർമ്മിപ്പിക്കുകയാണ് ജനം എന്നെ പ്രതിപക്ഷത്താണ് ഇരുത്തിയിരിക്കുന്നത്. I am doing my duty. No doubt. എന്റെ ചോദ്യം, വിദേശമദ്യത്തിന്റെ വിൽപ്പന നികുതി കുറച്ചത് നല്ലതാണോ എന്നാണ്. ഉപഭോക്താക്കളിൽ നിന്ന് കൂടുതൽ പണം

പിടിച്ചുപറിക്കുന്നത് ശരിയല്ല. മദ്യനിരോധനത്തിന്റെ ചരിത്രത്തിലല്ല ഞാൻ കടക്കുന്നത്. ഈ അടുത്തകാലത്ത് പത്രങ്ങളിലെല്ലാംതന്നെ മദ്യത്തിന്റെ വിൽപ്പന നികുതി 5 ശതമാനം കൂട്ടാൻ തീരുമാനിച്ചിരിക്കുന്നു എന്ന് പറഞ്ഞിരുന്നു. അങ്ങനെ കൂട്ടാൻ തീരുമാനിച്ചാൽ ഉപഭോക്താക്കളെ പിടിച്ചുപറിക്കുന്നതിന് തുല്യമാണ്. അതിന് പകരമായി മറ്റ് മാർഗ്ഗങ്ങൾ ആലോചിക്കുകയല്ലേ നല്ലത്? അങ്ങനെ എന്തെങ്കിലും നടപടി സ്വീകരിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

ശ്രീ. കെ. ശങ്കരനാരായണൻ: ഇത് പത്രത്തിൽവന്ന വാർത്തയാണ്. ഗവൺമെന്റ് അതിനകത്ത് തീരുമാനമെടുത്തിട്ടില്ല. ഇനി അഥവാ ഗവൺമെന്റ് തീരുമാനമെടുത്താലും കളളിന് 10 പൈസ കൂട്ടിയതുകൊണ്ട് വലിയ അപകടമൊന്നുമില്ല.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : സർ, 2003-2004 സാമ്പത്തിക വർഷത്തിൽ വില്പന നികുതി പിരിവിന്റെ ലക്ഷ്യം പൂർത്തിയാക്കാത്തതിനെ ന്യായീകരിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞതാണ് ഞാൻ ഇവിടെ സൂചിപ്പിക്കുന്നത്. 2003-2004-ൽ വില്പന നികുതി വരുമാനം 119 കോടി രൂപ കുറഞ്ഞു എന്നു മാത്രമല്ല വില്പന നികുതി ശേഖരണത്തിന്റെ വളർച്ചാനിരക്ക് 23 ശതമാനത്തിൽനിന്ന് 14 ശതമാനമായിട്ട് കുറയുകയും ചെയ്തിരിക്കുകയാണ്. മാത്രമല്ല, വില്പന നികുതി പിരിവിന്റെ സാമ്പത്തിക തോത് 2002-2003 വർഷത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് 930 കോടി രൂപ എന്നത് 700 കോടി രൂപയായി കുറയുകയും ചെയ്തു. അപ്പോൾ വില്പന നികുതി ശേഖരണത്തിന്റെ വളർച്ചാനിരക്ക് കുറഞ്ഞു. സാമ്പത്തിക തോതും കുറഞ്ഞു. ഇതു രണ്ടും കുറയാൻ ഇടയായ സാഹചര്യം ധനകാര്യവകുപ്പ് പരിശോധിച്ചിട്ടുണ്ടോ എന്നറിയണം.

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ഞാൻ പറഞ്ഞത് മനസ്സിലാകാത്തത് നിങ്ങൾ മറ്റ് ചിന്തയിലേയ്ക്ക് കടക്കുന്നതുകൊണ്ടാണ്. ടാക്സ് കളക്ഷൻ കുറച്ച് കൂട്ടി നിശ്ചയിച്ചതാണ്. ഓരോ വർഷവും ടാക്സ് കളക്ഷൻ ഒരു ആവറേജ് തുക കൂട്ടിയാണ് നിശ്ചയിക്കുന്നത്. ടാക്സിന്റെ പെർസന്റേജ് നമ്മൾ കൂട്ടിയിട്ടില്ല. ആദ്യം മുതൽക്കുതന്നെ പെർസന്റേജ് കൂട്ടിയിട്ടില്ല 15 ശതമാനം അഡീഷണൽ സെയിൽസ് ടാക്സ് കൂട്ടിയതൊഴികെ ടാക്സ് കൂട്ടിയിട്ടില്ല. ടാക്സ് കളക്ഷൻ എഫക്ടീവ് ആക്കിയതുകൊണ്ടാണ് കളക്ഷൻ കൂടിയത് എന്നാണ് ഞാൻ പറഞ്ഞത്. അല്ലാതെ ടാക്സ് ഇവേഷൻ ഉണ്ടാകണമെന്നും ടാക്സ് ഒഴിവാക്കി കൊടുക്കണമെന്നും ആലോചിക്കുന്നില്ല. ടാക്സ് പിരിവ് വളരെ എഫക്ടീവ് ആയതിനാലാണ് അതിനോട് പലർക്കും അഭിപ്രായവ്യത്യാസമുള്ളത്. കച്ചവടക്കാരും മറ്റും പറയുന്നത് പിഴിഞ്ഞ് പിരിക്കുന്നു, പിഴിഞ്ഞു പിരിക്കുന്നു എന്നാണ്. ടാക്സ് എന്നുപറയുന്നത് കൺസ്യൂമർ കൊടുക്കുന്നതാണ്. കൺസ്യൂമർ കൊടുക്കുന്ന ടാക്സ് കച്ചവടക്കാരിൽ നിന്ന് നിർബന്ധമായിട്ട് പിരിക്കുന്നു. എന്റെ കയ്യിൽ പത്ത് കൊല്ലമായിട്ട് പിരിഞ്ഞുകിട്ടാൻ ബാക്കിയുള്ളതിന്റെ കണക്കുണ്ട്. അതിന്റെ പെർസന്റേജ് കൂടിവരുന്നു എന്നതാണ് ഞാൻ പറഞ്ഞത്. ഇത് മറച്ചുവച്ചുകൊണ്ട് പറയാൻ പറ്റുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവനയിലേയ്ക്ക് ഞാൻ ശ്രദ്ധക്ഷണിക്കുകയാണ്. പ്രധാന വില്പന നികുതി സ്രോതസുകൾ വർദ്ധിച്ച സാഹചര്യത്തിൽ 2003-04 വർഷത്തിന്റെ ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയുമെന്ന ശുഭാപ്തിവിശ്വാസമാണ് മന്ത്രി പ്രകടിപ്പിച്ചത്. മന്ത്രിതന്നെ കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഒരു ചോദ്യത്തിനുള്ള മറുപടിയിൽ ഇക്കാര്യം പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന് ശുഭാപ്തിവിശ്വാസമുണ്ടായിരുന്നു. മാത്രമല്ല പ്രധാന നികുതി സ്രോതസ്സുകളായ പെട്രോൾ ഉല്പന്നങ്ങൾക്ക് 40 ശതമാനം, വിദേശമദ്യത്തിന് 75 ശതമാനം, റബ്ബറിന് 12 ശതമാനം, സിമന്റിന് 15 ശതമാനം, പെയിന്റ്, ഫർണിച്ചർ ഇവയ്ക്ക് 15 ശതമാനം എന്നീ നിരക്കിലാണ് വില്പന നികുതി വർദ്ധിച്ചത്. മന്ത്രിതന്നെ അന്ന് ശുഭാപ്തിവിശ്വാസം പ്രകടിപ്പിച്ചിരുന്നു. എന്നാൽ ആകെ ലഭിച്ച വില്പന നികുതിയുടെ മൂന്നിലൊന്ന് പിരിഞ്ഞു കിട്ടാനുണ്ട്. 22,32 കോടി രൂപ പിരിഞ്ഞുകിട്ടാത്ത തുകയാണ്. അത് പിരിഞ്ഞുകിട്ടുന്നതിനുവേണ്ടി പുതിയ സാമ്പത്തികവർഷം തുടങ്ങിയിട്ട് ഇപ്പോൾ മൂന്നുമാസം കഴിഞ്ഞിരിക്കുന്ന സാഹചര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ? അത് പിരിക്കുന്നതിനുവേണ്ടി സമയബന്ധിതമായ പരിപാടി ആവിഷ്ക്കരിച്ചിട്ടുണ്ടോ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ഞാൻ ബഹുമാനപ്പെട്ട മെമ്പറുടെ അറിവിലേയ്ക്കായി പറയാം. വില്പന നികുതി വളരെ എഫ്കടീവായിട്ട് പിരിക്കുന്നു എന്നും അതിനുള്ള മാർഗ്ഗങ്ങളുമാണ് ഞാൻ നേരത്തെ പറഞ്ഞത്. 2001-02-ൽ 3.72 ആയിരുന്നു വർദ്ധന. ഇത് 2002-03-ൽ 17.42 ആയി ഉയർന്നു. നമ്മൾ കുറച്ചു കൂടിയ എസ്റ്റിമേറ്റ് വച്ചതുകൊണ്ടാണ് ഇങ്ങനെ പിരിക്കാൻ സാധിച്ചത്. അത് ബഡ്ജറ്റ് പ്രസംഗത്തിൽത്തന്നെ പറഞ്ഞതാണ്. പ്രതിപക്ഷത്തുനിന്ന് ഇത്ര വലിയ എസ്റ്റിമേറ്റ് വയ്ക്കേണ്ടയെന്ന് പറഞ്ഞതാണ്. പക്ഷേ നമുക്ക് അത് അങ്ങനെ പിരിക്കാൻ പറ്റുമോ എന്ന് നോക്കിയിട്ട് വച്ചതാണ്. അതിനിടയിൽ ഇതിനൊക്കെ കുറച്ച് വില കുറവ് വന്നപ്പോൾ അതിനെ സ്വാധീനിച്ചു എന്നു മാത്രമേയുള്ളു. അല്ലാതെ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് വീഴ്ച ഉണ്ടായതുകൊണ്ടല്ല. ഗവൺമെന്റ് ഭാഗത്തുനിന്ന് വീഴ്ച ഉണ്ടായിരുന്നെങ്കിൽ ഇത്രയധികം രൂപ പിരിക്കാൻ സാധിക്കുമായിരുന്നില്ലല്ലോ.

ശ്രീ. മത്തായി ചാക്കോ : സർ, നമ്മുടെ റവന്യൂ വരുമാനത്തിന്റെ 77 ശതമാനവും വില്പന നികുതിയിൽ നിന്നാണ് വരുന്നത്. മിനിസ്റ്റർ പറഞ്ഞ പല കാര്യങ്ങളോടും യോജിക്കാൻ നിർവ്വാഹമില്ല. കഴിഞ്ഞ വർഷത്തെ സി. ആന്റ് എ.ജി. റിപ്പോർട്ട് മിനിഞ്ഞാന്ന് ഇവിടെ വിതരണം ചെയ്തു. ആ റിപ്പോർട്ടിൽത്തന്നെ പറയുന്നത് 2002-03 വർഷത്തിൽ 43.08 കോടി രൂപ ഖജനാവിലേയ്ക്ക് വരേണ്ടതായിരുന്നു. കുറവായ നികുതി ചുമത്തലിന്റേയും പിഴ ചുമത്തലിന്റേയും ഭാഗമായി അത്രയും നികുതി ഖജനാവിലേക്ക് വരുന്നത് തടയപ്പെട്ടു എന്നാണ്. മോട്ടോർ വാഹന നികുതി, കാർഷികാദായ നികുതി എന്നിവയെല്ലാം കൂട്ടിയാൽ 2002-03 വർഷത്തിൽ 518.43 കോടി രൂപ പിരിച്ചെടുക്കുന്ന കാര്യത്തിൽ ധനകാര്യവകുപ്പിന് വലിയ വീഴ്ച ഉണ്ടായി എന്ന് സി. ആന്റ് എ. ജി. റിപ്പോർട്ടിൽത്തന്നെ പറയുകയാണ്. ഇപ്പോൾ മന്ത്രി പറഞ്ഞതിൽത്തന്നെ ലക്ഷമിട്ടതിനേക്കാൾ വലിയ തോതിലുള്ള കുറവുള്ളത് വസ്തുതയാണ്. പെട്രോളിയം ഉല്പന്നങ്ങൾക്ക് ബി.ജെ..പി. ഗവൺമെൻറ് ഇരുന്ന സമയത്ത് 11 തവണ വില വർദ്ധിപ്പിച്ചു. അതായത് നികുതി

സ്രോതസിൽ വരേണ്ട പെട്രോളിയം ഉല്പന്നങ്ങൾ, വിദേശ മദ്യം, റബ്ബർ, സിമന്റ്, കമ്പി, ഇലക്ട്രിക് ഗുഡ്സ് ഇതിന്റെയെല്ലാം വില വർദ്ധനവിലൂടെ വരുമാന വർദ്ധനവ് ഉണ്ടായിട്ടും എന്തുകൊണ്ട് ഈ നികുതിയിൽ വർദ്ധനവ് ഉണ്ടായില്ല എന്നതാണ് എന്റെ ചോദ്യം. അതിന്റെ അർത്ഥം ധനകാര്യ വകുപ്പിൽ വില്പന ഉദ്യോഗസ്ഥർ വൻതോതിൽ നികുതി പിരിക്കുന്നതിൽ ഇളവ് ചെയ്തുകൊടുക്കുകയോ സി. ആന്റ് എ. ജി. പറഞ്ഞതുപോലെ കുറവായി നികുതി ചുമത്തുകയോ ചെയ്തതാണ് ഈ വരുമാനസ്രോതസിൽ കുറവുണ്ടായതിനു കാരണം എന്നാണ്. അതിന് എന്തെങ്കിലും ഒരു നടപടി സ്വീകരിച്ചോ ? അങ്ങനെ കുറവ് ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

<u>ശ്രീ കെ. ശങ്കരനാരായണൻ:</u> സർ, ബഹുമാനപ്പെട്ട മത്തായി ചാക്കോ ഈ പറഞ്ഞതിൽ നിന്ന് വ്യത്യസ്തമായിട്ട് വളരെദൂരം സഞ്ചരിച്ചാണ് പറഞ്ഞത്. സി.ആന്റ് എ.ജി. റിപ്പോർട്ടിലെ പേജ് 9-ൽ എന്താണ് പറഞ്ഞിരിക്കുന്നത്? സംസ്ഥാന സർക്കാരിന്റെ സാമ്പത്തികനിലയിൽ വ്യത്യാസം വരാൻ കാരണം നികുതി വരുമാനത്തിലും നികുതിയേതര വരുമാനത്തിലും യഥാക്രമം 23.28 ശതമാനവും 24.86 ശതമാനവും വർദ്ധനവ് നിമിത്തമായിരുന്നു എന്നാണ് സി. ആന്റ് എ. ജി. പറഞ്ഞിരുന്നത്. ശ്രീ. മത്തായി ചാക്കോ, അങ്ങേയ്ക്ക് ഞാൻ ഒരു കാര്യം പറഞ്ഞുതരാം. നികുതി പിരിവിൽ കുറവുവന്നതുകൊണ്ടല്ല അങ്ങനെ സംഭവിച്ചത്. എന്റെ കയ്യിൽ അതിന്റെ എല്ലാ കണക്കുകളുമുണ്ട്. അത് നമുക്ക് പരിശോധിക്കാവുന്നതാണ്. ധനവിനിയോഗ ബില്ലിൽ അക്കാര്യം വളരെ വ്യക്തമായിട്ട് ഐറ്റം തിരിച്ചു ഞാൻ പറയാം. നികുതി പിരിക്കുന്നതിൽ കുറവ് വന്നിട്ടില്ല. പക്ഷേ നമ്മൾ വിചാരിച്ചത്ര പിരിച്ചില്ല. കാരണം അത് വളരെ കൂടിയ ഒരു എസ്റ്റിമേറ്റാണ് വച്ചിരുന്നത് കുറെക്കൂടി പിരിക്കാൻ പറ്റുമോ എന്നു കരുതി ജാസ്തിയായി വച്ചതാണ്. നമ്മുടെ ആകെയുള്ള വരുമാനത്തിന്റെ 90.91 ശതമാനം ശമ്പളം, പലിശ, പെൻഷൻ, മറ്റ് കാര്യങ്ങൾ എന്നിവയ്ക്കു വേണ്ടിയാണ് പോകുന്നത്. അതുകൊണ്ട് നികുതി പിരിക്കാതെ പറ്റില്ല. അത് പിരിച്ചിട്ടുണ്ട്. അതിന്റെ കണക്കുകളാണ് ഞാൻ പറഞ്ഞത്.

<u>ശ്രീ. മത്തായി ചാക്കോ</u> : സർ, കഴിഞ്ഞ ധനകാര്യ വർഷത്തിൽ പുതിയ നികുതി സ്രോതസുകൾ കണ്ടെത്തുകയും അതിന്റെ ഭാഗമായി 30 ഇനങ്ങൾക്ക് നികുതി ചുമത്തുകയും ചെയ്തിട്ടുണ്ട്. അതിൽ ഒന്ന് കോഴിയും കോഴി ഇറച്ചിയുമാണ്. കോഴിക്കും കോഴിയിറച്ചിക്കും നികുതി ഏർപ്പെടുത്തിയപ്പോൾ കഴിഞ്ഞവർഷം ഈ സഭയുടെ മുമ്പിലെ പ്രധാനപ്പെട്ട പ്രശ്നമായി വന്നത് വരുന്ന കോഴി മുഴുവൻ ചത്തുപോകുന്നു എന്നതാണ്. 40 ശതമാനം മോർട്ടാലിറ്റി റേറ്റ് എന്നാണ് ഇവിടെ സൂചിപ്പിച്ചത്. ഈ കോഴികളുടെ ആരോഗ്യം ഇപ്പോൾ ശക്തിപ്പെട്ടിട്ടുണ്ടോ ? അങ്ങനെ മരണനിരക്ക് കുറവുണ്ടോ ? പുതുതായി ഏർപ്പെടുത്തിയിട്ടുള്ള ഈ 30 ഇനത്തിൽ കോഴിയിൽ നിന്നും കോഴി ഇറച്ചിയിൽ നിന്നും എത്ര വരുമാനമാണ് ഉണ്ടായിട്ടുള്ളത്. ?

<u>മി. സ്പീക്കർ:</u> അത് പ്രത്യേക ചോദ്യമായിട്ട് ചോദിക്കണം. മന്ത്രിക്ക് അറിയാമെങ്കിൽ പറയട്ടെ.

<u>ശ്രീ. മത്തായി ചാക്കോ:</u> മറുപടി പറയുമെന്ന പ്രതീക്ഷയാണ് എനിക്കുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ശ്രീ. മത്തായി ചാക്കോയ്ക്ക് അറിയാവുന്ന അത്രയും എനിക്ക് അറിയില്ല. അതുകൊണ്ട് ഞാൻ മണ്ടാമത്തെ വാചകം പറയുന്നില്ല. അത് പറഞ്ഞാൽ ചാക്കോയ്ക്ക് എന്നെക്കാൾ കൂടുതൽ അറിയുമെന്ന തോന്നൽ..... വേണ്ട, അത് പോട്ടെ. ഇതിൽ ചെക്കുപോസ്റ്റിന്റെ കാര്യംകൂടി ഉൾപ്പെടുത്തുന്നതാണ്. അതുകൊണ്ടാണ് ഞാൻ പറയുന്നത് 1990-91-ൽ ചെക്ക് പോസ്റ്റിൽ നിന്ന് 2.43 കോടി രൂപയും 2003-04-ൽ 89.93 കോടി രൂപയുമാണ് പിരിച്ചതെന്ന്. എത്ര വർദ്ധനയുണ്ടെന്ന് ആലോചിച്ചോളൂ. എൻട്രി ടാക്സ് എങ്ങനെയാണ് നിശ്ചയിച്ചതെന്നും ഏതെല്ലാമാണ് ഉൾപ്പെടുത്തിയതെന്നും വരുമാനം എത്രയാണെന്നുമുള്ളത് നിങ്ങൾതന്നെ ആലോചിച്ചോളൂ.

ശ്രീ. എ. കെ. ബാലൻ : സർ, സർവ്വകാല റിക്കാർഡ് ഭേദിക്കുന്ന പൊതുക്കടമാണ് ഇന്ന് കേരളത്തിനുള്ളത്. നാൽപ്പത്തിയൊന്നായിരം കോടി രൂപ പൊതുക്കടത്തിൽ എത്തിക്കഴിഞ്ഞു. സി.ആന്റ് എ.ജി. റിപ്പോർട്ട് പ്രകാരം 2002-03 .....

മി. സ്പീക്കർ : ഇത് വില്പന നികുതിയാണ്. വില്പന നികുതിയെപറ്റി വല്ലതും ചോദിക്കാനുണ്ടെങ്കിൽ ചോദിക്കണം.

ശ്രീ. എ. കെ. ബാലൻ : വില്പന നികുതിയാണ് 4,990 കോടി റവന്യൂ കമ്മിയായി.

മി. സ്പീക്കർ : വില്പന നികുതിയിൽ വല്ലതും ചോദിക്കാനുണ്ടോ?

ശ്രീ. എ. കെ. ബാലൻ : വില്പന നികുതിയിലാണ് വരുന്നത്.

മി. സ്പീക്കർ : അങ്ങനെ വരണ്ട. ചോദ്യം ചോദിച്ചാൽ മതി.

ശ്രീ. എ. കെ. ബാലൻ : സർ, കേരളത്തിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കണമെങ്കിൽ വില്പന നികുതി കൂട്ടിയേപറ്റൂ. വില്പന നികുതി കൂട്ടിക്കൊണ്ട് കേരളത്തിന്റെ വരുമാനം കൂട്ടുകയും കേരളത്തിന്റെ റവന്യൂ കമ്മിയും പൊതുക്കടവും കുറയ്ക്കുകയും ചെയ്തുകൊണ്ടുള്ള ഫിസ്കൽ റെസ്പോൺസിബിളിറ്റി ബിൽ ഈ നിയമസഭ പാസ്സാക്കിയിട്ടുണ്ട്. അതിന്റെ ഭാഗമായി 2007 ആകുമ്പോഴേക്കും റവന്യൂ കമ്മി സീറോ പോയിന്റിലേയ്ക്ക് കൊണ്ടുവരിക എന്നുള്ളതാണ് ഈ നിയമംകൊണ്ട് ഉദ്ദേശിക്കുന്നത്. അതിനനുസരിച്ച് പ്രവർത്തിക്കാത്തവരുടേയും അതിന് സഹായിക്കാത്തവരുടേയുംപേരിൽ നടപടി എടുക്കാം. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ഒറ്റ ചോദ്യമാണ് എനിക്ക് ചോദിക്കുവാനുള്ളത്. സെയിൽസ് ടാക്സിൽ വന്നിട്ടുള്ള കുറവ് റവന്യൂ കമ്മിയെ ബാധിച്ചു. റവന്യൂ കമ്മിയെ ബാധിക്കുന്നതിന്റെ പ്രധാനപ്പെട്ട കാരണം വില്പന നികുതി വേണ്ടവിധത്തിൽ പിരിക്കാത്തതാണ്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രിയുടെതന്നെ നികുതി വകുപ്പിലെ ഇന്റലിജൻസ് വിഭാഗം 38,304 കേസുകൾ രജിസ്റ്റർ ചെയ്തു. ആ കേസുകളുമായി ബന്ധപ്പെട്ടുകൊണ്ട് നികുതി വരുമാനത്തിൽ കുറവുവരുത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ വല്ല നടപടിയും എടുത്തിട്ടുണ്ടോ എന്നുള്ളതാണ് എന്റെ ചോദ്യം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ : അത് പരിശോധിച്ചു പറയാം.

ശ്രീ. എ. കെ. ബാലൻ : കമ്മി കുറയ്ക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് കേന്ദ്രവുമായി മിതകാല സാമ്പത്തിക പരിഷ്ക്കരണ കരാറിന് നമ്മൾ ഒപ്പിട്ടിട്ടുണ്ട്. അതിന്റെ ഭാഗമായി കേരളത്തിന് കിട്ടേണ്ട 144 കോടി രൂപയിൽ ഇപ്പോൾ കുറവ് വന്നിട്ടുണ്ട്. ഇത് ശരിയാണോ? അത് മന്ത്രിക്ക് പരിശോധിക്കണമെങ്കിൽ പരിശോധിക്കാം. ഇത് ശരിയാണോ തെറ്റാണോ?

ശ്രീ. കെ. ശങ്കരനാരായണൻ : വരുമാനത്തിൽ കുറവ് വന്നിട്ടുണ്ട്. അത് ശരിയാണോ എന്നുള്ളത് പരിശോധിച്ചു പറയാം.

ശ്രീ. കെ. ബാബു : വാല്യൂ ആഡഡ് ടാക്സ് വീണ്ടും ഏർപ്പെടുത്തുന്നതിനുള്ള ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. VAT ഏർപ്പെടുത്തുമ്പോൾ കേരളത്തിന് വില്പന നികുതി ഇനത്തിൽ നഷ്ടം ഉണ്ടാക്കുമോ; ഉണ്ടെങ്കിൽ അത് നികത്തിത്തരുന്നതിന് കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും നിർദ്ദേശം വച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ? അതുപോലെതന്നെ ദ്വിമുഖ നികുതി ഏർപ്പെടുത്തിയതിനെ സംബന്ധിച്ച് കേരളത്തിലെ വ്യാപാര സമൂഹങ്ങളിൽ നിന്ന് എന്തെങ്കിലും ആക്ഷേപം ലഭിച്ചിട്ടുണ്ടോ ? ഈ കാര്യത്തിൽ ഗവൺമെന്റ് നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, വാല്യൂ ആഡഡ് ടാക്സ് കഴിഞ്ഞ വർഷം നടപ്പാക്കാം എന്നുള്ളതായിരുന്നു പൊതുവേ സംസ്ഥാനങ്ങളുടെ അഭിപ്രായം. പക്ഷേ പാർലമെന്റ് ഇലക്ഷൻ വന്നതിന്റെ പശ്ചാത്തലത്തിൽ മറ്റു പല സംസ്ഥാനങ്ങളും ഇതിന്റെ കാലാവധി കുറച്ചുകൂടി നീട്ടണമെന്നുള്ളത് എംപവർ കമ്മിറ്റിയുടെ മുമ്പിൽ, ഫിനാൻസ് മിനിസ്റ്റേഴ്സിന്റെ കോൺഫറൻസിൽ വച്ച് പറഞ്ഞ സാഹചര്യത്തിലാണ് കേന്ദ്ര ഗവൺമെന്റ് ഒരു തീരുമാനമെടുത്തുകൊണ്ട് വാല്യൂ ആഡഡ് ടാക്സ് നടപ്പാക്കാതെ മാറ്റിവച്ചത്. കഴിഞ്ഞ ആഴ്ച ഡൽഹിയിൽ കൂടിയ ധനകാര്യ മന്ത്രിമാരുടെ സമ്മേളനത്തിൽ കേന്ദ്ര ധനകാര്യ മന്ത്രി ബഹുമാനപ്പെട്ട ചിദംബരം 2005 ഏപ്രിൽ ഒന്നുമുതൽ വാറ്റ് നടപ്പിലാക്കാനുള്ള തീരുമാനം പാർലമെന്റിൽ എടുക്കുമെന്നാണ് പറഞ്ഞത്. VAT നടപ്പാക്കാനുള്ള തീരുമാനം വരുമ്പോൾ അഖിലേന്ത്യാതലത്തിൽ ടാക്സ് റേറ്റ് കമോഡിറ്റി മിക്ക സംസ്ഥാനങ്ങളുടേതും ഒന്നായി മാറും. ആ ഒരു സാഹചര്യം വരുമ്പോൾ എല്ലാ സംസ്ഥാനങ്ങളിലും ചെറിയ മാറ്റങ്ങൾ ഉണ്ടാക്കേണ്ടതായിവരും. അതു വച്ചുകൊണ്ടാണ് നമുക്ക് പല കാര്യങ്ങളിലും എന്തു സംഭവിക്കുമെന്ന് പറയാൻ പറ്റാത്തത്. സംസ്ഥാനങ്ങളിൽ VAT നടപ്പാക്കുമ്പോൾ ഇന്നുള്ള കെ.ജി.എസ്.ടി.എ.യുടെ പരിധിയിൽ നിന്നുകൊണ്ട് പിരിക്കുന്ന ടാക്സിൽ സംസ്ഥാനങ്ങൾക്ക് കുറവുവരുന്നുണ്ടെങ്കിൽ അത് കേന്ദ്ര ഗവൺമെന്റ് കോമ്പൻസേറ്റ് ചെയ്യണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേരളം മാത്രമല്ല, മറ്റെല്ലാ സംസ്ഥാനങ്ങളും ആവശ്യപ്പെട്ടിട്ടുണ്ട്. അത് പരിഗണിക്കാമെന്ന് കേന്ദ്ര ഗവൺമെന്റ് സമ്മതിച്ചിട്ടുണ്ട്. VAT നടപ്പാക്കുമ്പോൾ സംസ്ഥാന ഗവൺമെന്റിനുണ്ടാകുന്ന നഷ്ടം കേന്ദ്ര ഗവൺമെന്റ് നിർവ്വഹിക്കുകയും അത് നികത്തുകയും ചെയ്യാനുള്ള തീരുമാനം എടുക്കാത്ത ഒരു സാഹചര്യം വന്നാൽ സംസ്ഥാനങ്ങൾക്ക് അത് നടപ്പാക്കാൻ

പറ്റുന്നതല്ല. രണ്ടാമതായി ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച മറ്റൊരു കാര്യം ചില സാധനങ്ങളെ സംബന്ധിച്ചിടത്തോളം ഡബിൾ പോയിന്റ് ടാക്സ് വന്നാൽ എങ്ങനെ മാറ്റം വരുത്താൻ സാധിക്കും എന്നുള്ളതാണ്. തീർച്ചയായും അതിനെക്കുറിച്ചൊക്കെ നമുക്ക് ആലോചിക്കാവുന്നതാണ്. കച്ചവടക്കാർ ഇതിനെക്കുറിച്ച് പുനഃപരിശോധന വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഏതായാലും VAT നടപ്പിലാക്കുന്ന ഒരു സാഹചര്യത്തിൽ ആ വക കാര്യങ്ങൾക്ക് യുനാനിമസ് ആയിട്ടുള്ള തീരുമാനം മാത്രമേ ഉണ്ടാകുകയുള്ളൂ. അതിനുമുമ്പ് ഇത് പരിശോധിച്ച് അതിൽ മാറ്റങ്ങൾ ഉണ്ടാക്കണമെങ്കിൽ അതിനെക്കുറിച്ച് ആലോചിക്കാം. ധനവിനിയോഗ ബിൽ വരുമ്പോൾ ഈ വക കാര്യങ്ങളെക്കുറിച്ചൊക്കെ പരാമർശങ്ങൾ വരും. ആലോചിച്ച് ഒരു പോസിറ്റീവായിട്ടുള്ള തീരുമാനം എടുക്കുന്നതിന് ഗവൺമെന്റിന് വിരോധമൊന്നുമില്ല. നമ്മളെ സംബന്ധിച്ചിടത്തോളം നമുക്ക് ഒരു കാര്യം മാത്രമേയുള്ളൂ. VAT നടപ്പാക്കുന്ന അവസരത്തിൽ സംസ്ഥാന ഗവൺമെന്റിന് ഇന്നുള്ള വരുമാനത്തിൽ കുറവുവരാൻ പാടില്ല എന്ന് കാറ്റഗറിക്കലായിട്ട് എല്ലാ സംസ്ഥാനങ്ങളും അഭിപ്രായപ്പെട്ടിട്ടുണ്ട്. വെസ്റ്റ് ബംഗാൾ ധനകാര്യ മന്ത്രിയാണ് ചെയർമാൻ . അദ്ദേഹം ഇതിനെക്കുറിച്ച് പറഞ്ഞു. പക്ഷേ എല്ലാ സംസ്ഥാനങ്ങളും പൊതുവെ ഇപ്പോൾ VAT നടപ്പാക്കണമെന്നുള്ള തീരുമാനത്തിലാണ് വന്നിട്ടുള്ളത്. ഒരു കാര്യംകൂടി സംസ്ഥാന ഗവൺമെന്റിനുവേണ്ടി ഞാൻ ആവശ്യപ്പെട്ടു. ചുരുങ്ങിയത് തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങൾ മുഴുവൻ VAT നടപ്പാക്കാത്ത ഒരു സാഹചര്യം വന്നാൽ കേരളത്തിൽ നടപ്പാക്കാൻ ബുദ്ധിമുട്ടായിരിക്കും എന്നുള്ളതും പറഞ്ഞു. പ്രധാനമായ കാരണം മറ്റു സംസ്ഥാനങ്ങളിൽ നിന്നും സാധനങ്ങൾ കൊണ്ടുവരുമ്പോൾ എൻട്രി ടാക്സിൽ പല പ്രശ്നങ്ങളും ഉണ്ടാകും. ചില കാര്യങ്ങൾ കൂടി ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. ലിക്കറും ഡീസലും പെട്രോളും ഒഴിവാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്റെ മാക്സിമം റേറ്റ് 20 ശതമാനമാകുമ്പോൾ സംസ്ഥാനത്തിന് ഇരുപത് ശതമാനംവരെ ടാക്സ് നിശ്ചയിക്കുന്നതിനുള്ള ഒരു അവസരം വേണമെന്ന് പറഞ്ഞിട്ടുണ്ട്. മാത്രമല്ല സർവ്വീസ് ടാക്സിൽ നിന്ന് സംസ്ഥാനങ്ങൾക്ക് ഒരു പോർഷൻ കിട്ടണമെന്നു പറഞ്ഞപ്പോൾ കേന്ദ്ര ധനകാര്യമന്ത്രി പറഞ്ഞത് VAT-ന്റെ തീരുമാനം കഴിഞ്ഞതിനുശേഷം സർവ്വീസ് ടാക്സിന്റെ പെർസന്റേജ് സംസ്ഥാനങ്ങൾക്ക് എങ്ങനെ കൊടുക്കാം എന്നുള്ളത് വേറെ ഡിസ്കസ് ചെയ്യാമെന്നാണ് . ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച കാര്യത്തിന് ഒരു പോസിറ്റീവ് അപ്രോച്ച് ഉണ്ടാകണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ഉദ്ദേശം.

ശ്രീ. കെ. പി. രാജേന്ദ്രൻ : വില്പന നികുതി ഊർജ്ജസ്വലതയോടുകൂടി പിരിച്ചെടുക്കുവാനുള്ള ചില പദ്ധതികൾ ഉണ്ടെന്നു പറഞ്ഞു. സംസ്ഥാനത്ത് പരമ്പരാഗത വ്യവസായ മേഖലയും ചെറുകിട വ്യവസായങ്ങളും വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ച് തൃശ്ശൂർ ജില്ലയിലെ ഓട് വ്യവസായം, ധാരാളം സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസിന്റെ വിഭാഗത്തിൽപ്പെട്ട പല മേഖലകളും, പാക്കിംഗ് കെയിസസ് തുടങ്ങിയ മേഖലകളുമൊക്കെ നശിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വലിയ തോതിൽ ടാക്സ് കൂടിവരുന്നതിന്റെ ഫലമായി അവർക്ക് പിടിച്ചുനില്ക്കുവാൻ പോലും കഴിയുന്നില്ല. അത് ഞങ്ങൾ പലതവണ സഭയിലെ ചർച്ചകളിലൊക്കെ ഉന്നയിച്ചിട്ടുള്ളതാണ്. ഇത് കണക്കിലെടുത്തുകൊണ്ട് പരമ്പരാഗത വ്യവസായങ്ങളെയും ചെറുകിട വ്യവസായങ്ങളെയും നിലനിറുത്തുവാൻ കഴിയുന്ന വിധത്തിൽ അതിന് ആവശ്യമായ ടാക്സ് നിശ്ചയിക്കുന്നതിനുവേണ്ട ക്രമീകരണം, ചില വെട്ടിക്കുറച്ചിൽ നടത്താൻ നടപടി എടുക്കുമോ; ഇതിനെ സംബന്ധിച്ച് ഒരു ഗൗരവമായ പരിശോധന നടത്തുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളായ ചകിരി, കശുവണ്ടി, ഓട് മുതലായവയെ സംബന്ധിച്ചിടത്തോളം അതിന്റെ ടാക്സ് എത്രത്തോളം Least ആയിട്ട് കൊണ്ടുവരാൻ പറ്റും എന്നുള്ളത് പരിശോധിക്കേണ്ടതാണ്. ഈ കാര്യം മുഖ്യമന്ത്രിയും മന്ത്രിസഭയുമായി ആലോചിച്ച് പരമ്പരാഗത വ്യവസായത്തിന് ടാക്സിന്റെ കാര്യത്തിൽ കുറവുവരുത്തി, മറ്റെല്ലാ കാര്യത്തിലും പ്രയോറിറ്റി കൊടുക്കണമെന്നാണ് ഗവൺമെന്റിന്റെ ഇപ്പോഴത്തെ തീരുമാനം.

ശ്രീ. അടൂർ പ്രകാശ് : നികുതി പിരിക്കുന്ന കാര്യത്തിൽ 24 ശതമാനം അധിക വരുമാനമുള്ളതായി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നികുതി പിരിവിന്റെ കാര്യത്തിൽ ഓരോ വർഷവും ടാർജറ്റ് ഫിക്സ് ചെയ്യാറുണ്ട്. ഓരോ മേഖല പ്രത്യേകമായി എടുത്തുകൊണ്ട് അധികവരുമാനം ഉണ്ടാക്കുന്നതിനുവേണ്ടി ടാർജറ്റ് ഫിക്സ് ചെയ്യും. അതിനകത്ത് കൃത്യമായി ടാക്സ് അടച്ചുകൊണ്ടിരിക്കുന്ന ആളുകളെ വീണ്ടും ദ്രോഹിക്കുന്ന സംവിധാനത്തിലേയ്ക്ക് ഉദ്യോഗസ്ഥർ പോകുകയാണ്. നികുതി പിരിച്ചെടുക്കേണ്ട മേഖലകളിൽനിന്ന് പിരിച്ചെടുക്കാത്ത അവസ്ഥ ഇപ്പോൾ സംസ്ഥാനത്ത് നിലനില്ക്കുകയും ചെയ്യുന്നു. അതിന് പല കാരണങ്ങളുണ്ട്. കാരണങ്ങളെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. എന്തായാലും ഇത്തരം മേഖലകൾകൂടി തെരഞ്ഞെടുത്തുകൊണ്ട് കൂടുതൽ നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് പ്രത്യേകമായ നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : പരിശോധിച്ച് തീർച്ചയായിട്ടും വേണ്ട നടപടി സ്വീകരിക്കും.

ഡോ. തോമസ് ഐസക് : നികുതി പിരിവിന്റെ കാര്യക്ഷമതയ്ക്ക് തെളിവായി ബഹുമാനപ്പെട്ട മന്ത്രി സി. ആന്റ് എ. ജി. റിപ്പോർട്ട് ഉദ്ധരിക്കുകയുണ്ടായി. താങ്കളുടെ ശ്രദ്ധ ഞാൻ സി. ആന്റ് എ. ജി. റിപ്പോർട്ടിന്റെ 1, 2 ഖണ്ഡികയിലേയ്ക്ക് ക്ഷണിക്കുകയാണ്. അതുപ്രകാരം 2002-2003-ൽ പിരിച്ച നികുതി ബഡ്ജറ്റ് എസ്റ്റിമേറ്റിനേക്കാൾ ഏതാണ്ട് 320 കോടി രൂപ കുറവാണ്. അതിലുപരി പതിനൊന്നാം

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ കമ്മീഷന്റെ പ്രൊജക്ഷനിൽനിന്ന് ഏതാണ്ട് 1,200 കോടി രൂപ കുറവാണ്. ഇതാണ് യഥാർത്ഥത്തിൽ ടാക്സ് പിരിവിന്റെ കാര്യക്ഷമതയുടെ സൂചിക എന്നു പറയുന്നത്. സാധാരണ നമ്മൾ ചെയ്യാറുള്ളതുപോലെ ടാക്സ് ജി.ഡി.പി. റേഷ്യോക്കുപകരം ടാക്സ് കൺസംപ്ഷൻ എക്സ്പെന്റിച്ചർ റേഷ്യോ എടുത്തു കഴിഞ്ഞാൽ കേരളത്തിൽ നികുതിപിരിവ് ദേശീയ ശരാശരിയെക്കാൾ വളരെ താഴെയാണ്. അപ്പോൾ ഈ സ്ഥിതിവിശേഷം, വരാൻപോകുന്ന VAT-ന്റെ പശ്ചാത്തലത്തിൽ, ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ ഇവിടെ കൂടുതൽ ഗുരുതരമാകാനാണ് സാധ്യത. എന്നുമാത്രമല്ല, ശ്രീ. രാജേന്ദ്രൻ സൂചിപ്പിച്ചതും അങ്ങ് അംഗീകരിക്കുകയും ചെയ്തതായ ഒരു കാര്യം സെയിൽസ് ടാക്സ് സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ പരമ്പരാഗത കുടിൽ വ്യവസായങ്ങൾക്ക് നല്കിക്കൊണ്ടിരിക്കുന്ന സംരക്ഷണം ഇല്ലാതായി പോകുകയാണ് എന്നതാണ്. ഈ പ്രശ്നങ്ങൾ ഗുരുതരമാണെന്ന് അങ്ങുതന്നെ സമ്മതിച്ചതിന്റെ വെളിച്ചത്തിൽ, ഇത് പരിശോധിക്കണമെന്ന് അങ്ങുതന്നെ സൂചിപ്പിച്ചതിന്റെ പശ്ചാത്തലത്തിൽ നമ്മുടെ പരമ്പരാഗത വ്യവസായങ്ങൾക്കും കുടിൽ വ്യവസായങ്ങൾക്കും എങ്ങനെ സംരക്ഷണം നല്കാൻ പറ്റും എന്നുള്ളതിനെക്കുറിച്ച് പഠിക്കുന്നതിന് ഒരു വിദഗ്ദ്ധ കമ്മിറ്റിയെ നിയമിക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : ബഹുമാനപ്പെട്ട ഡോക്ടർ പറഞ്ഞ കാര്യം ഞാൻ എംപവർ കമ്മിറ്റിയിൽത്തന്നെ സൂചിപ്പിച്ചു. നമ്മുടെ പരമ്പരാഗത വ്യവസായങ്ങൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ ഉണ്ടാക്കുവാനുള്ള ഒരു സാഹചര്യം VAT നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്നുണ്ട്. പ്രത്യേകിച്ച് ചകിരി, കയർ തുടങ്ങിയ ചെറുകിട വ്യവസായങ്ങൾക്ക് എക്സംപ്ഷൻ വേണം. അത് സംസ്ഥാന ഗവൺമെന്റുകൾക്ക് തീരുമാനിക്കാനുള്ള അവകാശം ഉണ്ടാകണം എന്നുള്ളത് ആവശ്യപ്പെട്ടിട്ടുണ്ട്. ഇങ്ങനെ ഓരോ സംസ്ഥാനവും അവരുടെ സംസ്ഥാനത്തെ പ്രത്യേകമായിട്ടുള്ള പ്രോഡക്ടിനെ സംബന്ധിച്ചിടത്തോളം ചില കാര്യങ്ങളിൽ അവകാശം വേണമെന്ന് പറഞ്ഞിട്ടുണ്ട്. ഇതിന് ഒരു വ്യക്തമായ തീരുമാനം ഇതുവരെ എടുത്തിട്ടില്ല. ഈ കമ്മിറ്റി ഒന്നുകൂടി കൂടിക്കൊണ്ട് സംസ്ഥാനങ്ങൾക്ക് ഈ വിധത്തിലുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം എന്ത് തീരുമാനിക്കണമെന്നുള്ളത് ആലോചിക്കാം. ഏതായാലും ഒരു കാര്യം വ്യക്തമായി പറയുന്നു. സംസ്ഥാനത്തിന് ദോഷകരമായ ഒരു തീരുമാനം VAT-ൽ നടപ്പാക്കുവാൻ തീരുമാനിച്ചാൽ സംസ്ഥാന ഗവൺമെന്റ് അത് അക്സെപ്ട് ചെയ്യുകയില്ല.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം I

[30-6-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *2(62) കാണുക.]

1. ഇൻവെസ്റ്റിഗേഷന് ബ്രാഞ്ച് ശക്തിപ്പെടുത്തി പാർസൽ ഓഫീസുകൾ, ബാങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ റിക്കാർഡുകൾ പരിശോധിച്ച് നികുതി വെട്ടിപ്പിന്റെ വിവരങ്ങൾ ശേഖരിക്കുന്നുണ്ട്.

2. നികുതിവെട്ടിപ്പ് സംബന്ധിച്ച് വിശ്വസനീയമായ വിവരം ലഭിച്ചു കഴിഞ്ഞാൽ വിൽപ്പന നികുതി ചട്ടത്തിലെ റൂൾ 26 പ്രകാരം വ്യാപാര സ്ഥാപനങ്ങൾ പരിശോധിച്ച് നികുതിവെട്ടിപ്പ് തടയുന്നു.

3. റെയിൽവേ സ്റ്റേഷനുകൾ, വിമാനത്താവളങ്ങൾ തുടങ്ങിയവ കേന്ദ്രീകരിച്ച് നടത്തുന്ന നികുതിവെട്ടിപ്പ് തടയാൻ പ്രത്യേക പരിശോധന നടത്തുന്നു.

4. ചരക്കുകൾ വാഹനങ്ങൾ വഴി കടത്തിക്കൊണ്ടുപോകുമ്പോൾ തടഞ്ഞു നിറുത്തി പരശോധിച്ച് രേഖകളില്ലാത്ത സാധനങ്ങൾക്ക് പിഴ ഈടാക്കുന്നു.

5. എല്ലാ ജില്ലകളിലേയും സെയിൽസ് ടാക്സ് ഓഫീസർമാരുടെ കോൺഫറൻസ് വിളിച്ചുകൂട്ടി നികുതി പിരിവ് ഊർജ്ജിതമാക്കാൻവേണ്ട നിർദ്ദേശം നൽകുന്നുണ്ട്.

6. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം കൊടുക്കുന്നു. വിൽപ്പന നികുതി നിയമത്തിലെ അധികാരം ഉപയോഗിച്ച് ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരും റവന്യൂ റിക്കവറി നടപടികൾ നടത്തി നികുതി പിരിക്കുന്നുണ്ട്.

7. നികുതി പിരിവ് കുറവ് അനുഭവപ്പെടുന്ന ഓഫീസുകളിൽ കമ്മീഷണറേറ്റിൽ നിന്നും നേരിട്ട് പരിശോധന നടത്തുകയും, നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

8. സംസ്ഥാനാതിർത്തിയിലെ ഇടവഴികൾ വഴിയുള്ള കള്ളക്കടത്ത് തടയുന്നതിനായി കാസർഗോഡ്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ പുതിയ ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ച് നികുതി ചോർച്ച തടയുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചു വരുന്നു.

9. ചെക്ക്പോസ്റ്റിലെ അഴിമതി തടയുന്നതിന് ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിന് കാലാവധി വെയ്ക്കുകയും റൊട്ടേഷൻ രീതി സ്വീകരിക്കുകയും ചെയ്തു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

10. ചെക്ക്പോസ്റ്റുകൾ വഴി കടന്നുപോകുന്ന വാഹനങ്ങൾ ഇന്റലിജൻസ് വിഭാഗം വീണ്ടും പരിശോധന നടത്തി നികുതിവെട്ടിപ്പ് തടയുന്നു.

11. നികുതിവെട്ടിപ്പുകൾ കണ്ടുപിടിക്കുന്നതിനായി കൊമേഴ്സ്യൽ ഇൻവെസ്റ്റിഗേഷൻ എന്ന ഒരു വിഭാഗം എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നു.

12. നികുതി കുടിശ്ശിക പിരിക്കുന്നതിനുവേണ്ടി 2004 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ സെറ്റിൽമെന്റ് സ്കീം കൊണ്ടുവരികയും, തൽഫലമായി 23.15 കോടിയുടെ നികുതി കുടിശ്ശിക പിരിയുകയും ചെയ്തു.

## അനുബന്ധം I A

1. മോട്ടോർ വാഹനങ്ങൾ
2. വെള്ള സിമന്റ് ഉൾപ്പെടെയുള്ള സിമന്റ്
3. റഫ്രിജറേറ്ററും ഭാഗങ്ങളും അനുബന്ധ ഉപകരണങ്ങളും
4. വാഷിംഗ് യന്ത്രം
5. മാർബിൾ കൊണ്ടുള്ള സ്ലാബുകളും ഓടുകളും
6. കടപ്പ പാറകളും സ്ലാബുകളും
7. മൊസൈക്ക് ഓടുകളും ചിപ്സുകളും
8. ഗ്ലൈസ്ഡ് ഓടുകൾ, സിറാമിക്സ് ഓടുകൾ, ഭിത്തികൾക്കും തറയിലും ഇടുന്ന മറ്റു തരം ഓടുകൾ
9. കേരളാ ജനറൽ സെയിൽസ് ടാക്സ് ആക്ട് 1963-ലെ രണ്ടാം ഷെഡ്യൂളിൽ 2(2)-ൽ വരുന്ന ഇരുമ്പും ഉരുക്കും
10. ഗ്രാനൈറ്റ്, സ്ലാബ്, മെറ്റൽ, ചിപ്സ്
11. എയർകണ്ടീഷണറും അവയുടെ ഭാഗങ്ങളും അനുബന്ധ ഉപകരണങ്ങളും
12. സോഡിയം സിലിക്കേറ്റ്
13. കമ്പ്യൂട്ടറും അവയുടെ ഭാഗങ്ങളും അനുബന്ധ ഉപകരണങ്ങളും
14. ഫോട്ടോ കോപ്പിയർ, സീറോക്സ് യന്ത്രം
15. ഫാക്സ് യന്ത്രം
16. ഷെഡ്യൂളുകളിൽ പറഞ്ഞിട്ടില്ലാത്ത ഫോട്ടോ മെഷീൻ ഉൾപ്പെടെയുള്ള സ്കാനിംഗ് യന്ത്രം
17. ജനറേറ്റർ
18. യു.പി.എസ്. ഉൾപ്പെടെയുള്ള ഇൻവെർട്ടർ
19. മോട്ടോർ വാഹനങ്ങളുടെ ചേസിസ്സ്

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം I A—(തുടർച്ച)

20. മോട്ടോർ വാഹനങ്ങളുടെ ചേസിസ്സിൽ പണിതിട്ടുള്ള അനുബന്ധ ഭാഗങ്ങളും ഉപകരണങ്ങളും

21. കൂട്ടിയതോ, കൂട്ടാത്തതോ ആയ ഫർണിച്ചറുകൾ

22. എല്ലാത്തരത്തിലുമുള്ള പെയിന്റുകൾ

23. ഹോട്ട്പ്ലേറ്റ്, ഇലക്ട്രിക് ബൾബുകൾ, വയറുകൾ തുടങ്ങിയ ഇലക്ട്രിക് സാധനങ്ങളും അവയുടെ എല്ലാവിധ അനുബന്ധ ഭാഗങ്ങളും ഉപകരണങ്ങളും

24. ജലവിതരണത്തിനും ആരോഗ്യപരിപാലനത്തിനുമുള്ള ഉപകരണങ്ങളും സാധനങ്ങളും

25. ശുദ്ധീകരിച്ചതും അല്ലാത്തതുമായ ഭക്ഷ്യവും ഭക്ഷ്യേതരവുമായ എണ്ണകൾ

26. തടി

27. തയ്യാറാക്കിയ മിക്സ് കോൺക്രീറ്റ്

28. ഫാനുകളും ഗ്രൈന്ററുകളും പാചക അടുപ്പുകളും വാട്ടർ ഹീറ്ററുകളും ഇലക്ട്രിക് വയറിംഗിനുള്ള കേബിൾസ്, എ.സി., എസ്.ആർ. കണ്ടക്ടേഴ്സ്

29. കോഴിയും കോഴി ഇറച്ചിയും

30. താഴെപ്പറയുന്ന പെട്രോളിയം ഉൽപ്പന്നങ്ങൾ

(1) ഹൈസ്പീഡ് ഡീസൽ ഓയിൽ

(2) മണ്ണെണ്ണ

(3) മോട്ടോർ സ്പിരിറ്റ്, ലൈറ്റ് ഡീസൽ ഓയിൽ ഉൾപ്പെടെ

(4) നാഫ്ത

(5) പെട്രോൾ

(6) മറ്റ് പെട്രോൾ ഉൽപ്പന്നങ്ങൾ

(7) ഏവിയേഷൻ ഗ്യാസോലിൻ ഉൾപ്പെടെയുള്ള ഏവിയേഷൻ ടർബൈൻ ഇന്ധനങ്ങൾ

(8) ദ്രവീകരിച്ച പെട്രോളിയം ഗ്യാസ്

(9) ലൂബ്രിക്കേറ്റിംഗ് ഓയിൽ, ഗ്രീസ്, ബ്രേക്ക് ഫ്ളൂയിഡ്, ട്രാൻസ്ഫോർമർ ഓയിൽ തുടങ്ങിയവ

LIBRARY ARCHIVES Kerala Legislative Assembly